ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് രാജസ്ഥാൻ സന്ദർശിക്കും. രാജസ്ഥാൻ സർവകലാശാലയുടെ 35-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Vice President C. P. Radhakrishnan to visit Rajasthan today. VP will attend the 35th convocation ceremony of the University of Rajasthan.**

2. പശ്ചിമ ബംഗാളിൽ ആദ്യഘട്ട വോട്ടെടുപ്പ് നടന്ന 44,376 പോളിംഗ് സ്റ്റേഷനുകളിൽ റീപോളിംഗ് ശുപാർശ ചെയ്തിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. രണ്ടാം ഘട്ടത്തിലേക്കുള്ള പ്രചാരണം ഊർജ്ജിതം.

   **In West Bengal, Election Commission Clarifies No Repolling in 44,376 Polling Stations After First Phase; Campaigning Intensifies for Second Phase of Elections.**

3. ഇറാൻ-യുഎസ് രണ്ടാംഘട്ട സമാധാനചർച്ചകൾക്ക് വഴിയൊരുങ്ങുന്നതായി സൂചന. ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി ഇസ്ലാമാബാദിൽ.

   **Signs emerge of a possible second round of peace talks between Iran and the United States. Iranian Foreign Minister Abbas Araghchi is in Islamabad.**

4. രാജ്യത്തുടനീളം ഗാർഹിക എൽ.പി.ജി വിതരണം സുഗമമെന്ന് കേന്ദ്ര സർക്കാർ. വളം മേഖലയിൽ ക്ഷാമമുണ്ടെന്ന പ്രചാരണങ്ങൾ വസ്തുത വിരുദ്ധമെന്നും കേന്ദ്രം.

   **Union Government Assures Smooth Nationwide Domestic LPG Supply, Dismisses Claims of Fertilizer Shortage as Baseless.**

5. **കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്താൻ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഉന്നതതല യോഗം.**

   **Severe heat continues in Kerala. A high-level meeting, chaired by Chief Minister Pinarayi Vijayan, will be held today to assess the heatwave situation.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് 5 വിക്കറ്റ് ജയം.**

   **In IPL cricket, Royal Challengers Bengaluru defeated Gujarat Titans by 5 wickets.**

**&&&&&&&&&&&&&**

**VP-RAJASTHAN**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് രാജസ്ഥാനിലെ ജയ്പൂർ സന്ദർശിക്കും. രാജസ്ഥാൻ സർവകലാശാലയുടെ 35-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. ജയ്പൂരിലെ ഭഗവാൻ മഹാവീർ കാൻസർ സെന്റർ സംഘടിപ്പിക്കുന്ന കാൻസർ അതിജീവിതരുടെ കൂട്ടായ്മയിലും ശ്രീ സി പി രാധാകൃഷ്ണൻ സംബന്ധിക്കും.

**&&&&&&&&&&&&&**

**EC-WB NO REPOLL**

പശ്ചിമ ബംഗാളിൽ ആദ്യഘട്ട വോട്ടെടുപ്പ് നടന്ന 44,376 പോളിംഗ് സ്റ്റേഷനുകളിൽ റീപോളിംഗ് ശുപാർശ ചെയ്തിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു എന്നും കമ്മീഷൻ വിലയിരുത്തി. ആദ്യഘട്ടത്തിൽ 16 ജില്ലകളിലെ 152 മണ്ഡലങ്ങളിൽ 92.72 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 ന് നടക്കും. അതേസമയം, തിരഞ്ഞെടുപ്പ് ജോലിക്കിടെ നിഷ്പക്ഷത പാലിക്കാത്തതിനും മോശം പെരുമാറ്റത്തിനും അഞ്ച് പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.

**&&&&&&&&&&&&&**

**PM-WB CAMPAIGNING**

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ

കക്ഷികൾ. കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ജമാൽപൂരിലും ഹൗറയിലെ ശ്യാംപൂരിലും പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഹൂഗ്ലിയിൽ റാലികൾ നടത്തും. തൃണമൂൽ കോൺഗ്രസ് മേധാവിയും മുഖ്യമന്ത്രിയുമായ മമത ബാനർജിയും പ്രചാരണ രംഗത്ത് സജീവമാണ്..

&&&&&&&&&&&&&

**GOVT-WEST ASIA BRIEFING**

രാജ്യത്തുടനീളം ഗാർഹിക എൽ.പി.ജി വിതരണം സുഗമമാണെന്നും ഒരിടത്തും വിതരണ തടസ്സങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര സർക്കാർ. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം വിലയിരുത്താൻ ന്യൂഡൽഹിയിൽ ചേർന്ന അന്തർ മന്ത്രാലയ സമ്മേളനത്തിന് ശേഷം പെട്രോളിയം പ്രകൃതി വാതക മന്ത്രാലയ സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം വ്യക്തമാക്കിയത്. മേഖലയിലെ എല്ലാ സംഭവവികാസങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

&&&&&&&&&&&&&

**GOVT-FERTILIZERS**

രാജ്യത്തിന്റെ വളം മേഖലയുടെ സുരക്ഷ ഉറപ്പാക്കിയതായും വളങ്ങളുടെ ലഭ്യത ആവശ്യകതയെക്കാൾ കൂടുതലാണെന്നും കേന്ദ്ര സർക്കാർ. ക്ഷാമം സംബന്ധിച്ച പ്രചാരണങ്ങൾ വസ്തുത വിരുദ്ധമാണെന്ന് കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും വിതരണം ശക്തിപ്പെടുത്തുന്നതിനായി ഏകദേശം 25 ലക്ഷം മെട്രിക് ടൺ യൂറിയ ഇറക്കുമതിയും ആഭ്യന്തര ഉൽപാദനത്തിനുള്ള പ്രകൃതിവാതക ലഭ്യതയും ഉറപ്പാക്കിയെന്നും സർക്കാർ അറിയിച്ചു.

&&&&&&&&&&&&&

**IRAN FM-US-PAK (INTRO)**

പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കുന്നതിനായി ഇറാൻ-യുഎസ് രണ്ടാംഘട്ട സമാധാനചർച്ചകൾക്ക് വഴിതുറക്കുന്നു . ഇതിന്റെ ഭാഗമായി ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ്

അരാഗ്ചി ഇന്നലെ രാത്രിയോടെ ഇസ്ലാമാബാദിൽ എത്തി.
**വിശദാംശങ്ങളിലേക്ക് .....................................**
**(വോയ്സ്)**

## IRAN FM-US-PAK (VOICE)

അമേരിക്കയും ഇറാനും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായുള്ള പുതിയ ചർച്ചകൾക്ക് മുന്നോടിയായി ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി ഇതിനായി പ്രത്യേക നയതന്ത്ര സംഘത്തോടൊപ്പമാണ് ഇസ്ലാമാബാദിൽ എത്തിയത്. ഇസ്ലാമാബാദ്, മസ്കത്ത്, മോസ്കോ എന്നിവിടങ്ങളിലേക്കുള്ള പ്രാദേശിക സന്ദർശനത്തിന്റെ ഭാഗമായാണ് അരാഗ്ചി പാകിസ്ഥാനിൽ എത്തിയതെന്നാണ് റിപ്പോർട്ട്. അതേസമയം ഇറാനും അമേരിക്കയും തമ്മിൽ ഒരു കൂടിക്കാഴ്ചയും ആസൂത്രണം ചെയ്തിട്ടില്ലെന്ന് ഇറാൻ വിദേശകാര്യവക്താവ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. യു എസ് പ്രത്യേക പ്രതിനിധികളായ സ്റ്റീവ് വിറ്റ്കോഫും ജാരെഡ് കുഷ്നറും ചർച്ചകൾക്കായി ഇസ്ലാമാബാദിൽ എത്തുമെന്നാണ് സൂചന. അതേസമയം, യുഎസ് ആവശ്യങ്ങൾ അംഗീകരിക്കാൻ ഇറാൻ തയ്യാറെടുക്കുകയാണെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രതികരിച്ചു. ധാരണയിലെത്തുന്നത് വരെ അമേരിക്കൻ സൈന്യം ഇറാനിയൻ തുറമുഖങ്ങൾ ഉപരോധിക്കുന്നത് തുടരുമെന്നും ട്രംപ് പറഞ്ഞു.
**ന്യൂസ് ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&

## US - CHINA

ചൈന ആസ്ഥാനമായുള്ള എണ്ണ ശുദ്ധീകരണശാലയ്ക്കും ഇറാനിയൻ എണ്ണ കൊണ്ടുപോകുന്ന 40 ഷിപ്പിംഗ് കമ്പനികൾക്കും ടാങ്കറുകൾക്കും എതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി അമേരിക്ക. ഇറാനുമായി വ്യാപാരം നടത്തുന്ന രാജ്യങ്ങൾക്കുള്ള മുന്നറിയിപ്പാണെന്നാണ് റിപ്പോർട്ട്. പ്രസിഡന്റ് ഡോണൾഡ് ട്രംപും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങും തമ്മിൽ ചൈനയിൽ കൂടിക്കാഴ്ച നടക്കാനിരിക്കെയാണ് യു എസ് നീക്കം.

&&&&&&&&&&&&&

## ISRAEL-LEBANON CONFLICT

ലെബനൻറെ തെക്കൻ ഭാഗത്ത് ഇസ്രായേൽ വ്യോമാക്രമണങ്ങളിൽ ആറ് പേർ കൊല്ലപ്പെടുകയും രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള വെടിനിർത്തൽ മൂന്നാഴ്ചത്തേക്ക് നീട്ടിയതിന് ശേഷവും ഇസ്രായേൽ സൈന്യവും ഹിസ്ബുള്ളയും പരസ്പരം ആക്രമണം തുടരുകയാണ്.

&&&&&&&&&&&&&

## CENSUS 2027-TOLL FREE HELPLINE

2027 ലെ സെൻസസിനായി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 1855 എന്ന ദേശീയ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പർ പ്രവർത്തനക്ഷമമായതായി രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ഓഫീസ് അറിയിച്ചു. വീടുകളുടെ പട്ടിക രേഖപ്പെടുത്തൽ , ഭവന സെൻസസ് എന്നിവയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലും ഹെൽപ്പ്ലൈൻ നമ്പറിലൂടെ ഉറപ്പാക്കും.

&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും മൻ കീ ബാത്ത് തത്സമയം ലഭ്യമാകും.

&&&&&&&&&&&&&

## HEAT - KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് ഇടുക്കി , വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥവകുപ്പ് മഞ്ഞ ജാഗ്രത നൽകി.ചൂടിന് ശമനമില്ലാത്തതിനാൽ അങ്കണവാടികളുടെ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു. ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്തുന്നതിനായി ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരും.

&&&&&&&&&&&&&

## AMEBIC- VEENA GEORGE

വേനൽക്കാലത്ത് അമീബിക്ക് മസ്തിഷ്ക ജ്വരം വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പൊതുസ്ഥലങ്ങളിലെ വെള്ളത്തിന്റെ ഗുണനിലവാരം, ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കുകയും മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യണം. കിണറുകളും ടാങ്കുകളും ക്ലോറിനേറ്റ് ചെയ്യണമെന്നും ആരോഗ്യ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&

## GOVT-WHEAT MSP

നടപ്പ് വർഷത്തെ ഗോതമ്പ് സംഭരണ ലക്ഷ്യം, 15 ശതമാനം വർദ്ധിപ്പിച്ച് 34.5 ദശലക്ഷം ടണ്ണായി ഉയർത്തിയെന്ന് കേന്ദ്രസർക്കാർ. അപ്രതീക്ഷിത മഴയിൽ വിളകൾ നശിച്ച സാഹചര്യത്തിൽ കർഷകരെ പിന്തുണക്കാൻ ലഷ്യമിട്ടാണ് തീരുമാനമെന്ന് കേന്ദ്ര ഭക്ഷ്യ സെക്രട്ടറി സഞ്ജീവ് ചോപ്ര അറിയിച്ചു. സംസ്ഥാനാടിസ്ഥാനത്തിലുള്ള സംഭരണ ലക്ഷ്യങ്ങളും ഉയർത്തിയതായി ഭക്ഷ്യ സെക്രട്ടറി പറഞ്ഞു.

&&&&&&&&&&&&&

## RBI-PAYTM LICENCE

പേടിഎം പേയ്മെന്റ് ബാങ്ക് ലിമിറ്റഡിന് നൽകിയിരുന്ന ബാങ്കിംഗ് ലൈസൻസ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റദ്ദാക്കി. നിക്ഷേപകരുടെ മുഴുവൻ തുകയും തിരികെ നൽകാൻ ആവശ്യമായ പണം പേടിഎം പേയ്മെന്റ് ബാങ്കിന്റെ പക്കലുണ്ടെന്ന് ആർബിഐ പ്രസ്താവനയിൽ വ്യക്തമാക്കി. പുതിയ ഉപഭോക്താക്കളെ ചേർക്കുന്നത് നിർത്താൻ 2022 മാർച്ചിൽ നൽകിയ ഉത്തരവിനും, നിലവിലുള്ള അക്കൗണ്ടുകളിലും പ്രീപെയ്ഡ് കാർഡുകളിലും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്കും പിന്നാലെയാണ് നടപടി.

&&&&&&&&&&&&&

## AKASHVANI CONTEST (INTRO)

ആകാശവാണിയുടെ 90-ാം വാർഷികത്തോടനുബന്ധിച്ച് പ്രസാർ ഭാരതിയും MyGov പോർട്ടലും സംയുക്തമായി സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സിഗ്നേച്ചർ ട്യൂൺ തയ്യാറാക്കൽ, ജിംഗിൾ നിർമാണം എന്നീ രണ്ട് വ്യത്യസ്ത വിഭാഗങ്ങളിലായാണ് മത്സരങ്ങൾ.

**വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

## AKASHVANI CONTEST (VOICE)

'Akashvani @90- The New rhythm of Bharat' എന്ന പ്രമേയത്തിൽ നടക്കുന്ന സിഗ്നേച്ചർ ട്യൂൺ മത്സരത്തിൽ യുവവാണി, സ്പോർട്സ് സ്കാൻ, മാർക്കറ്റ് മന്ത്ര തുടങ്ങി വിവിധ പരിപാടികൾക്കായി 20 മുതൽ 40 സെക്കൻഡ് വരെ ദൈർഘ്യമുള്ള ഇൻസ്ട്രുമെന്റൽ സംഗീതമാണ് തയ്യാറാക്കേണ്ടത്. 30,000 രൂപയാണ് ഒന്നാം സമ്മാനം. 'Akashvani @90- The Vibrant Voice of India' എന്ന പ്രമേയത്തിൽ എഫ്.എം ഗോൾഡ്, എഫ്.എം റെയിൻബോ, വിവിധ് ഭാരതി ചാനലുകൾക്കായി ഹിന്ദിയിലോ ഇംഗ്ലീഷിലോ 20 മുതൽ 50 സെക്കൻഡ് ദൈർഘ്യമുള്ള ജിംഗിളുകൾ തയ്യാറാക്കാനുള്ളതാണ് രണ്ടാം മത്സരം. 20,000 രൂപയാണ് ഒന്നാമതെത്തുന്നവർക്ക് ലഭിക്കുക. സ്റ്റുഡിയോ നിലവാരത്തിലുള്ള MP3 അല്ലെങ്കിൽ WAV ഫോർമാറ്റിലുള്ള ഓഡിയോ ഫയലുകളായി MyGov പോർട്ടൽ മുഖേനയാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് 5 വിക്കറ്റ് ജയം. ഗുജറാത്ത് ഉയർത്തിയ 206 റൺ വിജയലക്ഷ്യം 7 പന്ത് ബാക്കി നിൽക്കെ 5 വിക്കറ്റ് നഷ്ടത്തിൽ ബംഗളൂരു കടക്കുകയായിരുന്നു.

&&&&&&&&&&&&&

## IND VS SA W-T20

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ജോഹന്നാസ്ബർഗിൽ നടക്കും. ഇന്ത്യൻ സമയം രാത്രി 9:30-നാണ് മത്സരം. ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക ഇതിനോടകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&

## THRISSUR POORAM

തൃശൂരിൽ ഇന്ന് പൂര വിളംബരം. നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറക്കും. നാളെയാണ് ചരിത്ര പ്രസിദ്ധമായ തൃശൂർ പൂരം. മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ വെടിക്കെട്ട് പൂർണമായും ഒഴിവാക്കിയും കുടമാറ്റത്തിന്റെ സമയം വെട്ടിക്കുറച്ചുമാണ് ഇത്തവണത്തെ തൃശൂർ പൂരം നടക്കുക.

&&&&&&&&&&&&&

## KANNUR - NITIN RAJ

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് ബി.ഡി.എസ്. വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ, അധ്യാപകരുടെ മുൻ കൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി അഡീ ഷണൽ ജില്ലാ കോടതി ഇന്ന് വിധി പറയും. പാതോളജി വിഭാഗം മേധാവിയായിരുന്ന ഡോ. എം.കെ.റാം, ഓറൽ പാതോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. സംഗീത നമ്പ്യാർ എന്നിവരാണ് മുൻകൂർ ജാമ്യാപേക്ഷ നൽകിയത്.

&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&